**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2003** **12-09-2023 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ബസുകളുടെ ഫിറ്റ്നസ് പരിശോധനയും നടപടിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അധ്യയനവർഷത്തിനു മുന്നോടിയായി മോട്ടോർ വാഹന വകുപ്പ് നടത്തിയ പരിശോധനയിൽ ഫിറ്റ്നസ് ഇല്ലാത്ത എത്ര സ്കൂൾ ബസുകൾ കണ്ടെത്തിയിട്ടുണ്ടെന്നും പ്രസ്തുത ബസുകൾക്ക് വീണ്ടും ഫിറ്റ്നസ് ടെസ്റ്റ് നടത്തണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എത്ര ബസ്സുകൾ ഫിറ്റ്നസ് ടെസ്റ്റ് നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | ഈ അധ്യയന വർഷത്തിനു മുന്നോടിയായി നടത്തിയ പരിശോധനയിൽ ഫിറ്റ്നസ് ഇല്ലാത്ത 1229 സ്കൂൾ ബസുകൾ കണ്ടെത്തിയിരുന്നു. പ്രസ്തുത ബസുകൾക്ക് വീണ്ടും ഫിറ്റ്നസ് ടെസ്റ്റ് നടത്തണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 1221 ബസുകൾക്ക് ഫിറ്റ്നസ് ടെസ്റ്റ് നടത്തിയിട്ടുണ്ട്. |
| (ബി) | ഫിറ്റ്നസ് ഇല്ലാത്തതും പരിശോധനയ്ക്ക് വിധേയമാകാത്തതുമായ സ്കൂൾ ബസ്സുകൾ നിലവിൽ സംസ്ഥാനത്ത് സർവീസ് നടത്തുന്നുണ്ടോ ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം സർവീസ് നടത്തുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സ്കൂൾ ബസുകളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകാമോ? | (സി) | എല്ലാ അധ്യയന വർഷത്തിനും മുൻപായി സ്കൂൾ വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി വിദ്യാവാഹൻ ആപ്ലിക്കേഷന്റെ ഉപയോഗം ഉൾപ്പെടെ എല്ലാ സുരക്ഷാ സംവിധാനങ്ങളും പരിശോധിച്ച് വാഹനങ്ങളുടെ ഫിറ്റ്നസ് സംബന്ധിച്ച് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയും വാഹനങ്ങളുടെ ഫിറ്റ്നസ് ഉറപ്പുവരുത്തുകയും ചെയ്തു വരികയാണ്. |

സെക്ഷൻ ഓഫീസർ